KERALA
STARTUP MISSION®

# കേരള സ്റ്റാർട്ടപ്പ് മിഷൻ
# വാർഷിക റിപ്പോർട്ട് 2023-24

**(2023-24 ലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ഉൾപ്പെടെ)**




**Launch of the KSUM Membership Card and Leap Co-Works**

## ഉള്ളടക്കം

ആമുഖം....2

നിലവിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ....2

ഭരണസംവിധാനം....3

സ്ഥാനം....4

വിവര സാങ്കേതിക വിദ്യാനയം....4

പദ്ധതികൾ....4

പദ്ധതി – 1: യുവ സംരംഭകത്വം....4

പദ്ധതി – 2: ടെക്നോളജി ഇന്നവേഷൻ സോൺ....5

കേരള ടെക്നോളജി ഇന്നവേഷൻ സോൺ....34

## ആമുഖം

2002 ൽ ടെക്നോപാർക്ക് ആരംഭിച്ച സംരംഭമാണ് ടെക്നോപാർക്ക് ബിസിനസ് ഇൻകുബേഷൻ സെന്റർ (ടിബിഐസി). പൂർണ്ണമായി സജ്ജീകരിച്ച പ്ലഗ് ആന്റ് പ്ലേ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെട്ട ഓഫീസ് സൗകര്യം പുതുതായി ആരംഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ടിബിഐസി നൽകി വന്നു. സയൻസ് ആൻഡ് ടെക്നോളജി (ഡി എസ് ടി) വകുപ്പിന്റെ കീഴിലുള്ള നാഷണൽ സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ബോർഡിൽ (എൻ എസ് ടി ഇ ഡി ബി) നിന്ന് സഹായം ലഭ്യമായതിനെ തുടർന്ന് 2006 ൽ ടിബിഐസി യെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ (ടി-ടിബിഐ) എന്ന പേരിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.
വിവിധ ഇടപെടലുകളിലൂടെ സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തണമെന്ന കാഴ്ചപ്പാടിലൂടെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. സംസ്ഥാനത്തെ വളർന്നുവരുന്ന സംരംഭക സമൂഹത്തെ പിന്തുണയ്ക്കുന്നതിന് മുൻകൈയെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2013 ൽ ടെക്നോപാർക്ക് ടി ബി ഐ യെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചു. തുടർന്ന് ബഹു. കേരള മുഖ്യമന്ത്രി ചെയർമാനായി ടെക്നോപാർക്ക് ടി ബി ഐ യുടെ ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചു. എറണാകുളം ജില്ലയിലെ കളമശേരിയിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കുന്നതിനുള്ള ചുമതലയും കേരള സ്റ്റാർട്ടപ്പ് മിഷന് നൽകി.
2014 ൽ ടെക്നോപാർക്ക് ടിബിഐ യെ കേരള സ്റ്റാർട്ട് അപ്പ് മിഷൻ എന്ന് പുനർനാമകരണം ചെയ്തതു മുതൽ സ്ഥാപനം കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നാണ് അറിയപ്പെടുന്നത്.
2014-15 സാമ്പത്തിക വർഷത്തിൽ യുവ സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ബജറ്റിലൂടെ അനുമതി നൽകി. ഈ രണ്ട് പദ്ധതികളും വിപുലീകരിച്ച് ഇപ്പോഴും തുടർന്നുവരുന്നു.
2017 ലെ വിവര സാങ്കേതിക വിദ്യാ നയത്തിലെ ടെക്നോളജി ഇന്നൊവേഷൻ & എന്റർപ്രണർഷിപ്പ് ഉപനയം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നത്. സ്റ്റാർട്ടപ്പ് നയം നടപ്പാക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷൻ, സ്കൂളുകൾ, കോളേജുകൾ, പ്രൊഫഷണലുകൾ എന്നിവരിൽ സംരംഭകത്വ സംസ്കാരം വാർത്തെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ സ്റ്റാർട്ടപ്പ് മേഖലയെ തന്നെ പരിപോഷിപ്പിക്കുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്നു.
ഈ റിപ്പോർട്ട് നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി പ്രകാരം നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

## നിലവിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ

സാമൂഹിക വിഷയങ്ങളിൽ പരിഹാരം കണ്ടെത്തുന്ന അധുനിക സാങ്കേതികതയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ പ്രതിബന്ധങ്ങൾ അതിജീവിച്ച് വിജയപാതയിൽ മുന്നേറാൻ പര്യാപ്തമാക്കുംവിധം ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കാനാണ് കേരളം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

### താരതമ്യ വിശകലനം

| | Till 2016 | Till March 2024 |
|---|---|---|
| Number of startups | 300 | 5200 |
| Number of employments | 3000 | 53000 |
| Number of incubators: | 18 | 63 |
| Number of accelerators | 1 | Nil |
| Ideas supported | 20 | 810 |
| Number of IEDC supported | 80 | 466 |
| Number of startups offered international support | 15 | 363 |

| | | |
|---|---|---|
| Incubation infrastructure | 57,000 sq ft | 8,00,000 sq ft. |
| Equity Investment raised by Startups (Rs. in Crs) | 207 | 5600 |

## ഭരണസംവിധാനം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ തലപ്പത്തുള്ളത്. 11.07.2022 ൽ ശ്രീ അനൂപ് അംബിക ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചുമതലയേറ്റു.
കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ തീരുമാനമെടുക്കുന്നത് ബോർഡ് ഓഫ് ഗവർണേഴ്സുമാണ്.

**ബോർഡ് ഓഫ് ഗവർണേഴ്സ് (20.01.2022 ലെ ജി ഒ (എം എസ് ) 4/2022/വിസവ നമ്പർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചത് )**

| | | |
|---|---|---|
| 1 | മുഖ്യമന്ത്രി | ചെയർമാൻ |
| 2 | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പ് മന്ത്രി | മെമ്പർ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, വ്യവസായ വകുപ്പ് | മെമ്പർ |
| 5 | പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ് | മെമ്പർ |
| 6 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, കൃഷി വകുപ്പ് | മെമ്പർ |
| 7 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 8 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ധനകാര്യ വകുപ്പ് | മെമ്പർ |
| 9 | ഡോ. സജി ഗോപിനാഥ്, വൈസ് ചാൻസിലർ, കേരള ഡിജിറ്റൽ സർവ്വകലാശാല | മെമ്പർ |
| 10 | വൈസ് ചാൻസലർ, APJ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | മെമ്പർ |
| 11 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഐ ടി പാർക്ക് | മെമ്പർ |
| 12 | മാനേജിംഗ് ഡയറക്ടർ, കിൻഫ്രാ | മെമ്പർ |
| 13 | ശ്രീ. പോൾ ബേസിൽ, വിൽഗ്രോ സ്ഥാപകൻ | മെമ്പർ |
| 14 | ശ്രീ. ബാബു ശിവദാസൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എൻവസ്റ്റ് നെറ്റ് | മെമ്പർ |
| 15 | ശ്രീ. ഷിലൻ സുഗുണൻ, മലബാർ ഏഞ്ചൽ സ്ഥാപകനും ആർബിട്രോണിന്റെ മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും | മെമ്പർ |
| 16 | ശ്രീ. സാം സന്തോഷ്, ചെയർമാൻ, മെഡ്ജിനോം ലാബ്സ് | മെമ്പർ |
| 17 | ശ്രീ അനീഷ് അച്ചുതൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഓപ്പൺ | മെമ്പർ |
| 18 | ശ്രീ. രാജേഷ് നായർ, കേരള ചീഫ്, ഇ & വൈ | മെമ്പർ |
| 19 | ശ്രീ. ഷാരോൺ ഷംസുദ്ദീൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സാൻസ് ഇന്റർനാഷണൽ &ഐ എസ് വൈ എക്സ് ടെക്നോളജീസ് | മെമ്പർ |
| 20 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | കൺവീനർ |

**എക്സിക്യൂട്ടീവ് കമ്മിറ്റി (18.02.2018 ലെ ജി ഒ (ആർ ടി) 310/2018/വിസവ നമ്പർ ഉത്തരവ് പ്രകാരം പുനസംഘടിപ്പിച്ചത് )**

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫോർമേഷൻ ടെക്നോളജി വകുപ്പ് | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 3 | സെക്രട്ടറി, ധനകാര്യ (എക്സ്പെന്റിച്ചർ) വകുപ്പ് | മെമ്പർ |

| | | |
|---|---|---|
| 4 | മാനേജിംഗ് ഡയറക്ടർ, കിൻഫ്രാ | മെമ്പർ |
| 5 | ഡയറക്ടർ, കേരള സ്റ്റേറ്റ് IT മിഷൻ | മെമ്പർ |
| 6 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക് | മെമ്പർ |
| 7 | ഡയറക്ടർ, ICFOSS | മെമ്പർ |
| 8 | മാനേജിംങ്ങ് ഡയറക്ടർ, KSITIL | മെമ്പർ |
| 9 | ഡയറക്ടർ, IIITM-K | മെമ്പർ |
| 10 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രതിനിധി | മെമ്പർ |
| 11 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | മെമ്പർ |
| 12 | സെക്രട്ടറി & രജിസ്ട്രാർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | കൺവീനർ |

## സ്ഥാനം

| | |
|---|---|
| Trivandrum | Head office & Leap Centre - Thejaswini Technopark Trivandrum<br>Electronics Accelerator at CDAC building, Technopark, Trivandrum<br>Fab Lab - IIITM-K building Technopark Trivandrum |
| Ernakulam | Integrated Startup Complex, Technology Innovation Zone, Kalamassery Ernakulam<br>KSUM Leap Centre, Scaleup Space, Super Fab Lab, Bionest |
| Kozhikode | Leap Centre - ULCyber Park, Kozhikode<br>Leap Centre - Cyber Park, Kozhikode |
| Kasaragod | Leap Centre - ASAP Building Building, Kasaragod |
| Palakkad | Leap Centre - Government Polytechnic College, Palakkad |
| Kottarakkara | Leap Centre - ASAP Building, Kulakkada<br>R &D Centre - IHRD College of Engineering Campus, Kottarakkara |

## വിവര സാങ്കേതിക വിദ്യാനയം

30.06.2017 ലെ സ.ഉ (പി) 19/2017/ വിസവ നമ്പർ ഉത്തരവിലൂടെ കേരള സർക്കാർ വിവരസാങ്കേതിക വിദ്യാ നയം പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന നയവും ഒൻപത് ഉപ നയങ്ങളും ഉൾപ്പെടുന്നതാണ് വിവരസാങ്കേതിക വിദ്യാ നയം. നൂതനതയും സംരംഭകത്വം സംബന്ധിച്ച ഉപനയം 7 സംബന്ധിച്ച കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷനെ നിശ്ചയിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാ നയത്തിന്റെ ഈ ഭാഗം നടപ്പിലാക്കുന്നതിലേക്കായി കേരള സ്റ്റാർട്ടപ്പ് മിഷന് രണ്ട് പ്രധാന പദ്ധതികൾ 2023-24 വർഷത്തിലേക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. യുവ സംരംഭകത്വം, ടെക്നോളജി ഇന്നവേഷൻ സോൺ എന്നിവയാണ് പ്രസ്തുത പദ്ധതികൾ.

### 2022 ലെ സ്റ്റാർട്ടപ്പ് ഇന്ത്യാ പുരസ്കാരം

കരുത്തുള്ള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിച്ച കേരള സംസ്ഥാനത്തിന് DPIIT നടത്തിയ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ ഏറ്റവും ഉയർന്ന ബെസ്റ്റ് പെർഫോർമർ പുരസ്കാരം ലഭിച്ചു.

## പദ്ധതികൾ

2023-24 സാമ്പത്തിക വർഷത്തിലേക്ക് കേരള സ്റ്റർട്ടപ്പ് മിഷന് അനുവദിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

1. യുവ സംരംഭകത്വം
2. ടെക്നോളജി ഇന്നവേഷൻ സോൺ

## പദ്ധതി - 1: യുവ സംരംഭകത്വം

പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. **എന്റർപ്രണർ പൈപ്പ് ലൈൻ ക്രിയേഷൻ**
2. **സ്റ്റാർട്ടപ്പുകൾക്കുള്ള സാമ്പത്തിക സഹായം**
3. **ബിസിനസ്സ് ഡവലപ്മെന്റ്**
4. **ഇൻഫ്രാസ്ട്രക്ചർ**

മേൽഘടകങ്ങൾക്ക് വിവിധ ഉപഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പദ്ധതി – 2: ടെക്നോളജി ഇന്നവേഷൻ സോൺ

പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്

1. **ഇന്റഗ്രറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിന്റെ അനക്സ് കെട്ടിടം**
2. **10K ബിൽഡിംഗ്**
3. **എമർജിംഗ് ടെക്നോളജി സ്റ്റാർട്ടപ്പ് ഹബ്ബ്**
4. **ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ്**

വിവിധ കർമ്മ പരിപാടികളിലൂടെയാണ് റിപ്പോർട്ട് വർഷം യുവ സംരംഭകത്വ പരിപാടി നടപ്പാക്കിയത്. പ്രസ്തുത പരിപാടികളിൽ പ്രധാനപ്പെട്ടവയാണ് ചുവടെ ചേർത്തിട്ടുള്ളത്.

## എന്റർപ്രണർഷിപ്പ് പൈപ്പ് ലൈൻ ക്രിയേഷൻ

### KSUM അംഗത്വ കാർഡ്, ലീപ് സെന്റർ എന്നിവയുടെ സംസ്ഥാന തല സമാരംഭം

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ടെക്നോപാർക്കിൽ തേജസ്വിനിയിലെ ഓഫീസ് 2023 ആഗസ്റ്റ് ഒന്ന് ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിച്ചു. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥക്ക് പുതിയ ചവിട്ടു പടിയായി മെമ്പർഷിപ്പ് കാർഡിന്റെയും ലീപ് കോ വർക്കിന്റെയും ആരംഭത്തിന് തുടക്കം കുറിച്ചു. ബഹു. മുഖ്യമന്ത്രിയാണ് പ്രസ്തുത ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.




## IEDC സമ്മിറ്റ് 2023

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2023 ഒക്ടോബർ 12 നാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ IEDC സമ്മിറ്റ് 2023 സംഘടിപ്പിച്ചത്. സംരംഭകരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ഏഷ്യയിലെ ഏറ്റവും വലിയ സമ്മേളനമാണ് IEDC സമ്മിറ്റ്. ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു ഉത്ഘാടനം ചെയ്ത സമ്മേളന വേദിയിൽ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയുടെ വൈസ് ചാൻസിലറായ ഡോ. സജി ഗോപിനാഥ്, ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. അനൂപ് അംബിക എന്നിവരും സന്നിഹിതരായിരുന്നു. സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നായി 15000 വിദ്യാർത്ഥികൾ പങ്കെടുത്തു. സമ്മിറ്റിന്റെ ഭാഗമായി വിവിധ ശില്പശാലകൾ, സെഷനുകൾ, മാസ്റ്റർ ക്ലാസുകൾ, പിച്ചിംഗ് മത്സരങ്ങൾ, ബൂട്ട് ക്യാംപുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.




## സ്റ്റാർട്ടപ്പ് 360@ ലീപ് പാലക്കാട്

2023 ജൂലൈ 26 ന് പാലക്കാട് ഇങ്കുബേഷൻ സെന്ററിൽ നടന്ന പ്രസ്തുത പരിപാടി പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് പരിവർത്തനത്തിനുതകുന്നതായി. 30 ലധികം സ്റ്റാർട്ടപ്പുകൾ പങ്കെടുത്ത പരിപാടിയിൽ നടന്ന കാര്യമായ ചർച്ചകൾ സംരംഭകത്വ യാത്രയിൽ നാഴികക്കല്ലായി.

## റിങ്ക് ഡെമോ ഡേ – ICAR – SBI(RC), Kannur

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള ഏറ്റവും പഴയ സ്ഥാപനമായ കണ്ണൂരിലെ ഷുഗർ കെയിൻ ബ്രീഡിംഗ് റിസർച്ച് സെന്റർ (ICAR – SBI(RC) മായി സഹകരിച്ച് 2023 ഏപ്രിൽ 26 ന് സംഘടിപ്പിച്ച റിങ്ക് ഡെമോ ഡേയിൽ കരിമ്പുമായി ബന്ധപ്പെട്ട ഏഴ് സാങ്കേതിക ഉല്പന്നങ്ങൾ അവതരിപ്പിച്ചു. 160 ഓളം പേർ ടി പരിപാടി സന്ദർശിച്ചു.

## സ്റ്റാർട്ടപ്പ് സിറ്റി

സ്റ്റാർട്ടപ്പ് സിറ്റി പരിപാടിയുടെ നടത്തിപ്പിനായി ഉന്നതി സ്റ്റാർട്ടപ്പ് മിഷനുമായി ധാരണാ പത്രം ഒപ്പുവെച്ചു. പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നോക്ക വിഭാഗവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കെ രാധാകൃഷ്ണൻ, ഉന്നതി സി ഇ ഒയും എസ് സി/എസ് ടി യും പിന്നോക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുമായ ശ്രീ പ്രശാന്ത് എൻ IAS, കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ ശ്രീ അനൂപ് അംബിക, രജിസ്ട്രേഷൻ ഐ ജി ശ്രീമതി. മേഘശ്രീ IAS എന്നിവർ പങ്കെടുത്തു.



## ദേശീയ സാങ്കേതിക ദിന ആഘോഷം 2023

ദേശീയ സാങ്കേതിക ദിനത്തിന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ RINK ഉം IEDC യും സംയുക്തമായി 2023 മേയ് 10–ാം തീയതി KMEA കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒരു ദിവസ കോൺക്ലേവും സാങ്കേതിക

പ്രദർശനവും സംഘടിപ്പിച്ചു. 99 പേർ പങ്കെടുത്ത ഈ പരിപാടിയിൽ കേരളത്തിലെ അഞ്ചു ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ളവരും, **KMEA** കോളേജിലെ വിദ്യാർത്ഥികൾ അദ്ധ്യാപകർ തുടങ്ങിയവരും പങ്കെടുത്തു.




## ICAR – SBIRC, കണ്ണൂർ സന്ദർശനം

കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള (RINK), ഷുഗർ കെയിൻ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററിൽ ഒരു ദിവസ സന്ദർശനം 2023 ജൂൺ 1 ന് സംഘടിപ്പിച്ചു. 73 പേർ പങ്കെടുത്തു.

## ഹൈറ്റ്സ് റിസർച്ചേഴ്സ് ഫെസ്റ്റ് – കേരള യൂണിവേഴ്സിറ്റി

സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ ഗവേഷണ ഫലങ്ങൾ പ്രദർശിപ്പിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി കാര്യവട്ടം കാംപസിൽ 2023 ജൂൺ 19 –22 വരെ ഹൈറ്റ്സ് 2023 എന്ന ഗവേഷകരുടെ ഫെസ്റ്റ് സംഘടിപ്പിച്ചു. റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക്, സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണ വികസനത്തിനെ അടിസ്ഥാനമാക്കി കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രദർശന സ്റ്റാൾ ഈ പരിപാടിയുമായി ബന്ധപ്പെട്ട് ഒരുക്കി. 250 ഓളം സന്ദർശകർ ഓരോ ദിവസവും പ്രദർശനം കാണുകയും വിവിധ മേഖലയിലെ വിദഗ്ധർ കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രദർശനം സന്ദർശിക്കുകയും ചെയ്തു.

## IPR ഉം സാങ്കേതിക കൈമാറ്റവും സംബന്ധിച്ച ശില്പശാല

കേരള സർവ്വകലാശാല, TIPS-TIMED എന്നിവയുമായി സഹകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള (RINK) ആഗസ്റ്റ് 2023 ൽ IPR ഉം സാങ്കേതിക കൈമാറ്റവും സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചു.

## കേരള കാർഷിക സർവ്വകലാശാല സന്ദർശനം

കേരള സ്റ്റാർട്ടപ്പ് മിഷനും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി സംഘടിപ്പിച്ച ഒരു ദിവസ ശില്പശാലയിൽ 47 കാർഷിക സംരംഭകർ പങ്കെടുത്തു. വിജ്ഞാന പ്രദമായ സെഷനുകളിൽ സഹായ പദ്ധതികൾ, പ്രധാനപ്പെട്ട സ്റ്റാർട്ടപ്പുകൾ തമ്മിലുള്ള പരസ്പരം സഹായം എന്നിവ ഉൾപ്പെട്ടിരുന്നു. ഫ്യൂസ് ലേജ്, നവ ഡിസൈൻ, ഫാർമേഴ്സ് ഫ്രഷ് സോൺ തുടങ്ങിയ കമ്പനികൾ പങ്കെടുത്തു. സംഘാംഗങ്ങൾക്ക് മേക്കർ വില്ലേജ്, ഫാബ് ലാബ് എന്നിവ സന്ദർശിക്കുന്നതിനുള്ള അവസരവും ഒരുക്കി.



## സംരംകത്വ മാർഗ്ഗം – ഗവേഷണ ഉല്പന്നങ്ങൾ വിപണന സംരംഭങ്ങളിലേക്ക്

തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ സംരംഭകത്വ വികസന ക്ലബ്ബുമായി സഹകരിച്ച് 2023 ആഗസ്റ്റ് 3 ന് സംരംഭകത്വ മാർഗ്ഗം – ഗവേഷണ ഉല്പന്നങ്ങൾ വിപണന സംരംഭങ്ങളിലേക്ക് എന്ന വിഷയത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ ശില്പശാല സംഘടിപ്പിച്ചു.

## എക്സ്പ്ലോർ KSUM

2023 ലെ ദേശീയ സ്റ്റാർട്ടപ്പ് അവാർഡുമായി ബന്ധപ്പെട്ട് കേരള സ്റ്റാർട്ടപ്പ് മിഷനെ വിലയിരുത്തുന്നതിന് വിശിഷ്ടാംഗങ്ങൾ ഉൾപ്പെട്ട സ്റ്റാർട്ടപ്പ് ഇന്ത്യാ പ്രതിനിധി സംഘം 2023 മേയ് 20–ാ‍ം ന് ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് സന്ദർശിച്ചു.



## ഡവലപേഴ്സ് ഡേ

ഗൂഗിൾ പ്ലേ ഗെയിംസിലെ വിനയ് ചരണിയ അവതരിപ്പിച്ച ഗെയിമിംഗ്, ഗൂഗിൾ പ്ലേയിൽ ഗെയിമിംഗിന്റെ വളർച്ച എന്നീ സെഷനുകളോടെ ആരംഭിച്ച പരിപാടി പ്രയോജനപ്രദമായിരുന്നു.

## ഫയർസൈഡ് ചാറ്റ്

നൂതന ഡിജിറ്റൽ മാറ്റത്തിലും IoTയിലും ചിന്തകനും അവാർഡ് ജേതാവും പ്രഭാഷകനുമായ ശ്രീ. ജയ് തമ്പിയെ അവതരിപ്പിച്ച് മനോഹരമായ ഒരു ഫയർ സൈഡ് ചാറ്റ് 2023 ജൂലൈ 13 ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചു.

## ഫൗണ്ടേഴ്സ് മീറ്റ് 12.0

Cavli Wireless സി ഇ ഒ ശ്രീ. ജോൺ മാത്യൂ, സർവ്വേ സ്പാരോ സി ഇ ഒ യും സ്ഥാപകനുമായ ശ്രീ. ഷിഹാബ് മുഹമ്മദ്, ഡാറ്റാഹട്ട് സ്ഥാപകൻ ശ്രീ. ടോണി പോൾ തുടങ്ങിയവർ പങ്കെടുത്ത ഫൗണ്ടേഴ്സ് മീറ്റ് 12.0, 2023 ജൂലൈ 22 ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചു. സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് ഉപകാരപ്രദമായ പ്രസ്തുത പരിപാടിയിൽ 150 ലധികം സംരംഭകർ പങ്കെടുത്തു.

## ജർമ്മൻ സോഫ്റ്റ് ലാന്റിംഗ് പ്രോഗ്രാം

ഡസ്സൽഡോർഫിലെ സാമ്പത്തിക വികസന കാര്യാലയവും NRW ഗ്ലോബൽ ബിസിനസ്സും സംയുക്തമായി സംഘടിപ്പിച്ച ജർമ്മനിയും ഇന്ത്യയും സഹകരിച്ചുള്ള സ്റ്റാർട്ടപ്പ് വിനിമയ പദ്ധതിയുടെ (GINSEP) ഭാഗമായ ജർമ്മൻ സോഫ്റ്റ് ലാന്റിംഗ് പരിപാടിയിൽ കേരള സ്റ്റാർട്ടപ്പ് മിഷനും തെരഞ്ഞെടുത്ത 6 സ്റ്റാർട്ടപ്പുകളും പങ്കെടുത്തു.

## ഹയറത്തോൺ – KKEM

KKEM മായി സഹകരിച്ച് കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇന്റേൺഷിപ്പ് ഡ്രൈവായ ഹയറത്തോൺ 2023 മേയ് 17 ന് സംഘടിപ്പിച്ചു. സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥക്ക് മുതൽക്കൂട്ടാകാവുന്ന നൈപുണ്യ വികസനത്തിനാഗ്രഹിക്കുന്ന വ്യക്തികളും 25 ലധികം സ്റ്റാർട്ടപ്പുകളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

### സീഡ് സ്പാർക്ക് 5

സംരംഭക വിജയത്തിന് ഉത്തേജനം നൽകുന്ന വെർച്ച്വൽ പരിപാടിയായ സീഡ് സ്പാർക്ക് പരിപാടി സ്റ്റാൻ ഫോഡ് സീഡും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സംഘടിപ്പിച്ചു. സംരംഭകനാഗ്രഹിക്കുന്നവർക്ക് ആഗോള പണ്ഡിതരിൽ നിന്നും അറിവ് ലഭ്യമായ സമഗ്രമായ ഓൺ ലൈൻ പരിപാടി 2023 ജൂൺ 15 മുതൽ നവംബർ 20 വരെയായിരുന്നു. സംരംഭകത്വത്തിന്റെ വിവിധ വശങ്ങൾ പരിപാടിയിലൂടെ വിശദമാക്കി.

### വനിതാ സംരംഭകരുടെ സംഗമം

2023 ജൂൺ 2 ന് വനിതാ സംരംഭകരുടെ സംഗമം കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷനിൽ സംഘടിപ്പിച്ചു.



### എക്സ്പ്ലോർ KSUM & മേക്കർ വില്ലേജ്

കൊച്ചി കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ 2023 ജൂലൈ 1 ന് എക്സ്പ്ലോർ KSUM എന്ന പരിപാടി സംഘടിപ്പിച്ചു.



### സ്റ്റാർട്ടപ്പ് ഗുരുകുലം

കേരള സ്റ്റാർട്ടപ്പ് മിഷനും കേരള സ്റ്റാർട്ടപ്പ് ഗ്യാരേജും സംയുക്തമായി 2023 ജൂലൈ 15 ന് പ്രത്യേക പരിപാടി സംഘടിപ്പിച്ചു. നിക്ഷേപ പദ്ധതികൾ ഫാബ് ലാബ്, RINK ന്റെ ഉദ്യമങ്ങൾ എന്നിവ മുഖ്യ വിഷയങ്ങളായ പ്രസ്തുത പരിപാടിയിലൂടെ സംരംഭകത്വത്തിനുള്ള ഉൾക്കാഴ്ചയും നിക്ഷേപത്തിനുള്ള തന്ത്രങ്ങളും ലഭ്യമാക്കി.

### ISMS സെഷൻ

ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) സംബന്ധിച്ച് വിജ്ഞാനം പകരുന്ന പരിപാടി കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷനിൽ 2023 ജൂലൈ 14 ന് സംഘടിപ്പിച്ചു.

### TIEയുമായി സഹകരിച്ച് വനിതാ ശില്പശാല

കേരള സ്റ്റാർട്ടപ്പ് മിഷനും TIE വുമണും സംയുക്തമായി വനിത സംരംഭകർക്കായി 2023 ജൂലൈ 12 ന് ഇമോഷണൽ ഇന്റലിജൻസ് & എന്റർപ്രണർഷിപ്പ് എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു.



## സ്റ്റാർട്ടപ്പ് 360 @ ലീപ് തിരുവനന്തപുരം

ASAP, ബിസ്പോൾ, ഇന്ത്യാഫില്ലിംഗ്സ്, പുത്രൻ അസോസിയേറ്റ്സ്, ബ്രഹ്മ കൺസൾട്ടിംഗ് തുടങ്ങിയവയിൽ നിന്നും വിവിധ വിഷയത്തിൽ വിദഗ്ധർ പങ്കെടുത്ത സ്റ്റാർട്ടപ്പ് 360 എന്ന പരിപാടി 2023 നവംബർ 16 മുതൽ 18 വരെ നടന്ന ഹഡിൽ ഗ്ലോബലിന്റെ ഭാഗമായി സംഘടിപ്പിച്ചു.

## സ്റ്റാർട്ടപ്പ് 360 @ കോഴിക്കോട്

കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ 2023 ഒക്ടോബർ 30 നാണ് ഈ പരിപാടി സംഘടിപ്പിച്ചത്. നിയമം, സാങ്കേതികം, വിജ്ഞാനം, ധനകാര്യം, മനുഷ്യ വിഭവശേഷി എന്നിവയിൽ 50 ഓളം ചർച്ചകൾ നടന്ന ഈ പരിപാടിയിൽ  30 ലധികം സ്ഥാപകർ പങ്കെടുത്തു.

## CIPET-IPT യിൽ RINK ന്റെ പ്രദർശന സന്ദർശനം

സ്റ്റാർട്ടപ്പുകൾക്കും, സംരംഭകർക്കുമായി CIPET-IPT യുടെ കൊച്ചി കാംപസിൽ 2023 ആഗസ്റ്റ് 9 ന് പ്രദർശന സന്ദർശനം സംഘടിപ്പിച്ചു.

## മീറ്റ് ദ എക്സ്പർട്ട് – 2-ാം എഡിഷൻ

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള (RINK) TIPS @ TIMED മായി സഹകരിച്ച് മീറ്റ് ദ എക്സ്പർട്ട് ഓൺലൈൻ പരിപാടിയുടെ രണ്ടാം എഡിഷൻ 2023 ആഗസ്റ്റ് 11 ന് വിജയകരമായി സംഘടിപ്പിച്ചു.

## IPR, സാങ്കേതിക കൈമാറ്റം എന്നിവയിൽ ശില്പശാല

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ RINK കേരള സർവ്വകലാശാല, TIPS-TIMED എന്നിവയുമായി സഹകരിച്ച് 2023 ആഗസ്റ്റ് 1 ന് കേരള സർവ്വകലാശാലയുടെ CLIF ൽ IPR, ടെക്നോളജി ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചു.



## കാർഷിക കോളേജിൽ ഗവേഷകർക്ക് ഓറിയന്റേഷൻ പരിപാടി

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ റിങ്ക് തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ 2023 സെപ്റ്റംബർ 8 ന് ഗവേഷകർക്കായുള്ള ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു.



## മെഡിക്കൽ ഉപകരണങ്ങളുടെ റെഗുലേറ്ററി സംവിധാനം സംബന്ധിച്ച ശില്പശാല

കൊച്ചി ഇന്റർഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ സംഘടിപ്പിച്ച മെഡിക്കൽ ഉപകരണങ്ങളുടെ റെഗുലേറ്ററി സംവിധാനം സംബന്ധിച്ച ശില്പശാല മെഡിക്കൽ ടെക്നോളജിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും പ്രസ്തുത സങ്കീർണ്ണമായ വിഷയത്തിൽ ഉൾക്കാഴ്ച നൽകി.

## ഫൗണ്ടേഴ്സ് മീറ്റ് 11.0

സംരംഭകർ, വ്യവസായിക നേതൃത്വത്തിലുള്ളവർ, നിക്ഷേപകർ എന്നിവരിൽ നിന്നും 150 ഓളം പേർ പങ്കെടുത്ത ബാംഗലൂരുവിൽ നടന്ന ഒരു ദിവസ ഫൗണ്ടേഴ്സ് മീറ്റിൽ വിജ്ഞാനം പങ്കിടൽ, അന്യോന്യ സഹായം, ശൃംഖല സൃഷ്ടിക്കൽ എന്നിവയ്ക്ക് സഹായകമായി.

## ICAR-CIFT ലേക്ക് പ്രദർശന സന്ദർശനം

കേരള സ്റ്റാർട്ടപ്പ് മിഷൻ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രി ബിസിനസ്സ് ഇങ്കുബേഷൻ സെന്റർ (ZTM-BI) ഉം ICAR സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (ICAR-CIFT) ആയി സഹകരിച്ച് 2023 ഒക്ടോബർ 6 ന് പ്രദർശന സന്ദർശനം സംഘടിപ്പിച്ചു.

## IFSCA ടീം സന്ദർശനവും ധാരണാപത്രം കൈമാറ്റവും

ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവ്വീസ് സെന്റർ അതോറിറ്റി (IFSCA) അംഗങ്ങൾ 2023 ജൂലൈ 21 ന് കൊച്ചി ഇന്റർഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് സന്ദർശിക്കുകയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ധാരണാ പത്രം കൈമാറുകയും ചെയ്തു. IFSCA പ്രവർത്തനങ്ങൾ സ്റ്റാർട്ടപ്പുകളെ അറിയിക്കുന്ന സെഷനും അതോടൊപ്പം സംഘടിപ്പിച്ചു.



## ICAI സ്റ്റാർട്ടപ്പ് സ്പിയർ 2023

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൌണ്ടന്റ്സ് ഓഫ് ഇന്ത്യ (ICAI) സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് സ്പിയർ 2023 എന്ന പരിപാടി 2023 ജൂൺ 27, 28 തീയതികളിൽ മുംബൈ വേൾഡ് കൺവെൻഷൻ സെന്ററിൽ നടന്നു.




## ക്രോംപ്റ്റൺ ഇന്നവേഷൻ ഹാക്കത്തോൺ

സംരംഭകത്വം, നൂതനത, നിലനിൽക്കുന്ന പ്രശ്നപരിഹാരം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ക്രോംപ്റ്റൺ ഇന്നവേഷൻ ഹാക്കത്തോൺ കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ 2023 ജൂലൈ 6 മുതൽ 19 വരെ സംഘടിപ്പിച്ചു.

## ഷീ ലവ്സ് ടെക് (ഇന്ത്യ) 2023

വനിതാ സംരംഭകർക്ക് നിക്ഷേപം സമാഹരിക്കുവാൻ സഹായിച്ച് 2015 മുതൽ പ്രവർത്തിച്ചു വരുന്ന ആഗോള പ്രസ്ഥാനമാണ് ഷീ ലവ്സ് ടെക് (SLT). വനിതകളും സാങ്കേതികതയും എന്ന വിഷയത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ ലോകത്തിലെ ഏറ്റവും വലിയ ശൃംഖലയുമാണ്. SLTയുടെ അഞ്ചാമത് പതിപ്പിന്റെ ഭാഗമായ നാഷണൽ ഗ്രാന്റ് ചലഞ്ച് ഇന്ത്യയുടെ പങ്കാളി കേരള സ്റ്റാർട്ടപ്പ് മിഷനായിരുന്നു. ഇതിന്റെ ഭാഗമായി ഒരു ദേശീയ പ്രചാരണ പരിപാടിയും സംഘടിപ്പിച്ചു.

SLT 2023 ന്റെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചു.

1. മികച്ച മത്സരാർത്ഥികളെ കണ്ടെത്തുന്നതിന് ബാംഗ്ലൂർ, ഡൽഹി എന്നിവിടങ്ങളിൽ റോഡ് ഷോ



2. സ്റ്റാർട്ടപ്പുകൾക്ക് "ആസ്ക് അസ് എനിതിംഗ്" സെഷൻ
3. വെഞ്ചർഹെർ – വനിതാ സ്റ്റാർട്ടപ്പുകൾക്ക്
4. SLTഫൈനലിസ്റ്റുകൾക്ക് 'മോക്ക് പിച്ച്'
5. മത്സരത്തിന്റെ അന്തിമ റൗണ്ട്



## ജെൻ എ ഐ ശില്പശാല

വനിതാ സ്റ്റാർട്ടപ്പ് സമ്മിറ്റുമായി ബന്ധപ്പെട്ട് 2023 സെപ്റ്റംബർ 21 ന് 'ജെൻ എ ഐ' ശില്പശാല സംഘടിപ്പിച്ചു.

## ഫാബ് ഹെർ ശില്പശാല

വനിത സ്റ്റാർട്ടപ്പ് സമ്മിറ്റുമായി ബന്ധപ്പെട്ട് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ കേരള ഫാബ് ലാബ് 'ഫാബ് ഹെർ' എന്ന ശില്പശാല സംഘടിപ്പിച്ചു.

## ലോക യുവ നൈപുണ്യ ദിനം

കേരള നോളജ് ഇക്കണോമി മിഷൻ ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ, കേരള സ്റ്റാർട്ട്പ്പ് മിഷൻ എന്നിവയുമായി സഹകരിച്ച് 2023 ജൂലൈ 18 ന് വിജ്ഞാന നൈപുണ്യ വികസനം സംബന്ധിച്ച ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു.

## ഗ്രോ യുവർ സ്റ്റാർട്ടപ്പ് ഇൻ കാനഡ

ടൊറാന്റോ ബിസിനസ്സ് ഡവലപ്മെന്റ് സെന്ററും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി 2023 ജൂലൈ 18 ന് ഗ്രോ യുവർ സ്റ്റാർട്ടപ്പ് ഇൻ കാനഡ എന്ന വെർച്വൽ പരിപാടി സംഘടിപ്പിച്ചു.

## ഇൻഡോ ജാപ്പനീസ് സ്റ്റുഡന്റ് എക്സ്ചേഞ്ച്

എറണാകുളം സെന്റ് തെരാസസ് കോളേജിന്റെ ഇൻഡോ ജാപ്പനീസ് സ്റ്റുഡന്റ് എക്സ്ചേഞ്ച് പരിപാടിയുടെ ഭാഗമായി സോഫിയ സർവ്വകലാശാലയിൽ നിന്നുള്ള 12 അംഗ പ്രതിനിധി സംഘം കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ചു.

## ഫൗണ്ടേഴ്സ് മീറ്റ് ( അൾട്ടിമേറ്റ് എഡിഷൻ)

സംരംഭകർ, വ്യാവസായികർ, നേതൃനിരയിലുള്ളവർ, ഇന്നവേറ്റർമാർ എന്നിവരുടെ വൈവിധ്യമാർന്ന സംഘം ഹഡിലിന്റെ ഭാഗമായി 2023 നവംബർ 17 ന് സംഘടിപ്പിച്ച ഫൗണ്ടേഴ്സ് മീറ്റിൽ ഒരു ദിവസം നീണ്ട വിജ്ഞാനം പങ്കുവയ്ക്കൽ, ശൃംഖലയും സഹകരണവും ഉറപ്പിക്കൽ എന്നിവയിൽ പങ്കെടുത്തു.

## കണ്ണൂർ ഫൗണ്ടേഴ്സ് മീറ്റ്

ഫൗണ്ടേഴ്സ് മീറ്റിന്റെ 16-ാമത് എഡിഷൻ 2024 ഫെബ്രുവരി 23 ന് കണ്ണൂർ MI സോണിൽ സംഘടിപ്പിച്ചു.

## ഡീപ് ടെക് സ്റ്റാർട്ടപ്പുകൾക്ക് ആദ്യകാല നിക്ഷേപം-വെബിനാർ

കേരള സ്റ്റാർട്ടപ്പ് മിഷൻ സ്പെഷ്യാലെ ഇൻവെസ്റ്റുമായി സഹകരിച്ച് 2023 ഡിസംബർ 28 ന് സംഘടിപ്പിച്ച ഡീപ് ടെക് സ്റ്റാർട്ടപ്പുകൾക്ക് ആദ്യകാല നിക്ഷേപം സംബന്ധിച്ച വെബിനാറിൽ 30 സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു.

## DPIIT രജിസ്ട്രേഷൻ ഡ്രൈവ്

2024 ജനുവരി 29 ന് DPIIT രജിസ്ട്രേഷൻ ഡ്രൈവ് ഓൺലൈനായി സംഘടിപ്പിച്ചു.

### ഉന്നതി സ്റ്റാർട്ടപ്പ് സിറ്റി/റിവേഴ്സ് പിച്ചിംഗ്

MATHIIT (മാത്തമറ്റിക്സ് ഫോർ ഇൻഡസ്ട്രി ആന്റ് ഇന്നവേഷൻ അറ്റ് IIT) യുമായി സഹകരിച്ച് 2024 ജനുവരി 31 ന് റിവേഴ്സ് പിച്ചിംഗ് വിജയകരമായി സംഘടിപ്പിച്ചു.

### ഫൗണ്ടേഴ്‌സ് മീറ്റ് 14.0

ഹൈദരാലി ഷിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവ്വീസസിൽ 2023 ഡിസംബർ 28 ന് ഫൗണ്ടേഴ്‌സ് മീറ്റിന്റെ 14–ാമത് എഡിഷൻ സംഘടിപ്പിച്ചു.

### സെയിന്റ് ഗിറ്റ്സ് ഇൻഡസ്ട്രീയിൽ വിസിറ്റ്

സെയിന്റ് ഗിറ്റ്സ് സർവ്വകലാശാലയിൽ നിന്നുള്ള 120 MBA വിദ്യാർത്ഥികൾ 2023 സെപ്റ്റംബർ 23 ന് കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ സംരംഭങ്ങൾ, പദ്ധതികൾ, പരിപാടികൾ എന്നിവയെ കുറിച്ച് വ്യാവസായിക സന്ദർശനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ മനസ്സിലാക്കി.

### ഫൗണ്ടേഴ്സ് മീറ്റ് 15.0

പാലക്കാട് IIT യിൽ 2024 ജനുവരി 12 ന് ഫൌണ്ടേഴ്സ് മീറ്റിന്റെ 15–ാമത് എഡിഷൻ സംഘടിപ്പിച്ചു.



### ഫാർമ കണക്ട്

കൊച്ചി XIME ൽ 2023 സെപ്റ്റംബർ 23 ന് ഫാർമ കണക്ട് സംഘടിപ്പിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. മുഹമ്മദ് ഹനീഷ് ഉദ്ഘാടനം നിർവ്വഹിച്ചു. വിശിഷ്ട വ്യക്തികൾ പങ്കെടുത്ത പരിപാടിയിലൂടെ ഫാർമസ്യൂട്ടിക്കൽ മേഖലയിൽ സ്റ്റാർട്ടപ്പുകൾക്കുള്ള അവസരവും സർക്കാർ പദ്ധതികളും സംബന്ധിച്ച ചർച്ച നടന്നു.

### TiE സർവ്വകലാശാല ഉദ്ഘാടനം

നൂതനതയെ പ്രോത്സാഹിപ്പിക്കുകയും യുവ സംരംഭകരെ ശാക്തീകരിക്കുകയും എന്ന ലക്ഷ്യത്തിൽ TiE സർവ്വകലാശാല 2023–24 ന്റെ ഉദ്ഘാടനം കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ 2023 ഒക്ടോബർ 4 ന് നടന്നു.



## എക്സ്പ്ലോർ KITZ – ഓപ്പൺ ഹൌസ്

KTIZ ഉം Fab lab ഉം സംബന്ധിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ 2023 ഒക്ടോബർ 7 ന് ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ സംഘടിപ്പിച്ച ഓപ്പൺ ഹൌസ് പരിപാടിയിൽ 70 ലധികം സംരംഭകർ പങ്കെടുത്തു.

## റിസർച്ച് ടു കൊമേഴ്സ്യലൈസേഷൻ – NIIST യിൽ ശില്പശാല

ഗവേഷണത്തിൽ നിന്നും വാണിജ്യവൽക്കരണം എന്ന വിഷയത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജിയിൽ 2023 ജനുവരി 31 ന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ RINK ശില്പശാല സംഘടിപ്പിച്ചു.

## ഡോക്ടർമാർക്കായി ഇന്നവേഷൻ സമ്മിറ്റ്

കേരള സ്റ്റാർട്ടപ്പ് മിഷൻ, മലബാർ ഏഞ്ചൽ നെറ്റ് വർക്ക് എന്നിവയുമായി സഹകരിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കേരള ഡോക്ടർമാർക്കായി ഇന്നവേഷൻ സമ്മിറ്റ് 2024 ഫെബ്രുവരി 25 ന് കൊച്ചി റെക്കാ ക്ലബ്ബിൽ സംഘടിപ്പിച്ചു. ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ നിന്നായി 66 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.



## തിരുവനന്തപുരം അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ സന്ദർശനം

ഗവേഷണ സ്ഥാപനങ്ങളും സ്റ്റാർട്ടപ്പുകളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയുടെ ഭാഗമായി 2024 ജനുവരി 30 ന് തിരുവനന്തപുരം അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ സന്ദർശനം സംഘടിപ്പിച്ചു. 15 ലധികം സ്റ്റാർട്ടപ്പുകളും 50 ലധികം ഗവേഷകരും പങ്കെടുത്തു.



## കേരള സ്റ്റാർട്ടപ്പ് മിഷനും CUSAT-STIC മായി ധാരണാപത്രം

കുസാറ്റിന്റെ ഇൻസ്ട്രുമെന്റേഷൻ വിഭാഗമായ STIC മായി 2024 മാർച്ച് 5 ന് കേരള സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവച്ചു.



## ഗവേഷണ വികസന സ്ഥാപനങ്ങളുടെ സാങ്കേതിക പ്രദർശനം

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ റിങ്ക് SCTIMST – TIMed എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ 2024 മാർച്ച് 5 ന് സാങ്കേതിക പ്രദർശനം സംഘടിപ്പിച്ചു. KUFOS, ICAR-CPCRI, Amrita Hut Labs, CSIR-NIIST, ICAR -CIFT ഉടങ്ങിയ സ്ഥാപനങ്ങളിൽ നിന്നായി 14 അത്യാധുനിക സാങ്കേതികതകൾ പരിപാടിയിൽ പ്രദർശിപ്പിച്ചത് സംരംഭകർക്ക് സാങ്കേതികത കൈമാറ്റത്തിനും ഭാവി സഹകരണത്തിനും സഹായകരമായി. സാങ്കേതിക കൈമാറ്റത്തിൽ താൽപര്യമുള്ള 25 പേർ പങ്കെടുത്തു.

## ഇന്നവേറ്റർമാർക്കും ഇങ്കുബേഷനിലുള്ളവർക്കും ഓറിയന്റേഷൻ പരിപാടി

ICAR-CPCRI, ICAR-ITSR എന്നീ സ്ഥാപനങ്ങളിലെ ഇന്നവേറ്റർമാർക്കും ഇങ്കുബേഷനിലുള്ളവർക്കുമായി 2024 മാർച്ച് 6, 7 തീയതികളിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു. 22 ഇന്നവേറ്റർമാരും 4 ഉദ്യോഗസ്ഥരും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പങ്കെടുത്തു.




## റിസർച്ച്പ്രണർഷിപ്പ്

ഗവേഷണവികസന രംഗത്തുള്ള സ്റ്റാർട്ടപ്പുകൾ, ഗവേഷകർ, അദ്ധ്യാപകർ എന്നിവർക്കായി 2024 മാർച്ച് 22 ന് വെർച്വൽ ഇങ്കുബേഷൻ പരിപാടി കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായ RINK സംഘടിപ്പിച്ചു. വിവിധ മേഖലകളിലുള്ള മുൻകൂട്ടി രജിസ്റ്റർ ചെയ്ത 100 ലധികം പേർ പങ്കെടുത്തു.

## ഓപ്പൺ അപ് 2024

പരസ്യ ചലചിത്ര നിർമ്മാണ സമൂഹവുമായി സഹകരിച്ച് 2024 ഫെബ്രുവരി 1 ന് ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ ഓപ്പൺ അപ്പ് 2024 കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചു.




## MIND– മെന്റർ ഇൻസ്പയേഡ് നെറ്റ് വർക്കിംഗ് ഓൺ ഡിമാന്റ്

സ്റ്റാർട്ടപ്പുകൾക്കായി നേരിട്ട് മെന്ററിംഗ് നൽകുന്ന MIND പരിപാടി ഹഡിൽ ഗ്ലോബൽ 2023 ന്റെ ഭാഗമായി സംഘടിപ്പിച്ചു. സ്റ്റാർട്ടപ്പുകളുടെ ആവശ്യകത മനസ്സിലാക്കി ശരിയായ മെന്റർമാരുമായി ബന്ധപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. 298 സെഷനുകളിലായി 165 സ്റ്റാർട്ടപ്പുകൾ പങ്കെടുത്ത ടി പരിപാടിയിൽ 64 മെന്റർമാർ പങ്കെടുത്തു.

## വീ സ്റ്റാർട്ട്–വനിതാ സ്റ്റാർട്ടപ്പുകൾക്കായി പ്രീ ഇങ്കുബേഷൻ പരിപാടി

വനിതാ സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേകമായി തയ്യാറാക്കിയ വീ സ്റ്റാർട്ട് എന്ന പ്രീ ഇങ്കുബേഷൻ പരിപാടി സംഘടിപ്പിച്ചു. സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിൽ വനിതാ സ്റ്റാർട്ടപ്പുകളുടെ വിജയവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിനായി സമഗ്രമായ സഹായം, മാർഗ്ഗനിർദ്ദേശം, വിഭവം എന്നിവ ലഭ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം. 2024 ജനുവരി 6 മുതൽ മൂന്ന് മാസം നീണ്ട ടി പരിപാടിയിൽ സ്റ്റാർട്ടപ്പ് വികസനം സംരംഭകത്വം എന്നീ മേഖലകളിലെ വിവിധ വിഷയങ്ങൾ ആഴ്ചയിൽ ഒരിക്കൽ നടത്തിയ ഓൺലൈൻ പരിപാടിയിൽ ഉൾപ്പെടുത്തി.

## വനിതാ സ്റ്റാർട്ടപ്പ് പരിപാടി 4

NSRCEL ന്റെ വനിതാ സ്റ്റാർട്ടപ്പ് പരിപാടിയുടെ സഹ ഇങ്കുബേഷൻ പങ്കാളിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. പ്രസ്തുത പരിപാടിയുടെ 4–ാമത് എഡിഷൻ 2023–24 ൽ നടന്നു. വനിതാ സംരംഭകരുടെ നൂതന ആശയങ്ങളെ ബിസിനസ്സ് ആയി മാറ്റുന്നതിനുള്ള സഹായം നൽകുന്ന കോട്ടക് മഹീന്ദ്ര ബാങ്കിന്റെ CSR സംരംഭമാണ് IIM ബാംഗളൂരുവിൽ സംഘടിപ്പിച്ച NSRCEL ന്റെ വനിത സ്റ്റാർട്ടപ്പ് പരിപാടി.

## വനിതാ ദിനാഘോഷം

സംരംഭകത്വത്തിലൂടെ വനിതാ ശാക്തീകരണത്തിനുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ തുടർച്ചയായ ശ്രമത്തിന്റെ ഭാഗമായി അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് പ്രത്യേക പരിപാടി സംഘടിപ്പിച്ചു. പ്രത്യേക അതിഥിയായി ഡെപ്യൂട്ടി കലക്ടർ ശ്രീമതി. കബനി സി പങ്കെടുത്തു. 2024 മാർച്ച് 6 ന് തിരുവനന്തപുരത്തെ സ്റ്റാർട്ടപ്പുകളും കേരള സ്റ്റാർട്ടപ്പ് മിഷൻ ജീവനക്കാരും ഒരുമിച്ച് ആഘോഷം സംഘടിപ്പിച്ചു.



2024 മാർച്ച് 7 ന് പാലക്കാട് ലീപ് സെന്ററിലും സംരംഭകർ ഒരുമിച്ച് വനിതാ ദിനം ആഘോഷിച്ചു.



## വീ വിൻ കൊച്ചി


ഹെഡ് സ്റ്റാർട്ട് വീ ക്ലബ്ബ്, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് 2024 മാർച്ച് 16–ാം തീയതി വീ വിൻ കൊച്ചി സംഘടിപ്പിച്ചു. സംരംഭകത്വ ഭൂപടത്തിൽ വനിതകളുടെ പങ്കാളിത്തവും മുന്നേറ്റവും ഉറപ്പാക്കുക എന്നായിരുന്നു പരിപാടിയുടെ തന്ത്രപരമായ ഉദ്ദേശ്യം.


## ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്

സർക്കാരും സ്റ്റാർട്ടപ്പുകളും തമ്മിലുള്ള സഹകരണത്തിലൂടെ നൂതനതയും സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നതാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയായ ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്. സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നം സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദി ഈ പദ്ധതിയുടെ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. സ്റ്റാർട്ടപ്പുകളുടെ സർഗ്ഗ ശക്തിയും ഊർജസ്വലതയും ഉപയോഗപ്പെടുത്തി പൊതുമേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകളും സർക്കാരും തമ്മിലുള്ള സഹവർത്തിത്വത്തിലൂടെ നൂതനാശയം പ്രത്സാഹിപ്പിക്കുന്നതിലുപരി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ വളർച്ചക്കും പദ്ധതി സഹായകരമാണ്. സമൂഹത്തിന് മികച്ച പ്രശ്ന പരിഹാരം നൽകുന്നതിലൂടെ സാമ്പത്തിക വളർച്ചയും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും. ചുരുക്കത്തിൽ നൂതനതയിലൂടെ സംരംഭകത്വത്തിന്റെ വളർച്ചക്കൊപ്പം സ്റ്റാർട്ടപ്പുകൾക്കനുയോജ്യമായ സഹായവും ഈ പദ്ധതി സൃഷ്ടിക്കുന്നു. പദ്ധതിയുടെ നിലവിലെ പുരോഗതി:
താൽപര്യപത്രം – 57 എണ്ണം
അംഗീകരിച്ച പദ്ധതികൾ – 98 എണ്ണം
വർക്ക് ഓർഡർ നൽകിയത് – 14.71 കോടി രൂപ

## നിക്ഷേപവും സാമ്പത്തിക സഹായവും

## ഇന്നവേഷൻ ഗ്രാന്റ്






## സ്റ്റാർട്ടപ്പ് എക്സ്സീഡ്

കേരള സ്റ്റാർട്ടപ്പ് മിഷന്റെ കൊച്ചി കേന്ദ്രത്തിൽ 2023 സെപ്റ്റംബർ 15 ന് സ്റ്റാർട്ടപ്പ് എക്സ്സീഡുമായി സഹകരിച്ച് പ്രീ സീരീസ് 4 ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കായി ഇൻവെസ്റ്റർ കണക്ട് പരിപാടി സംഘടിപ്പിച്ചു. Saas, ഡീപ് ടെക് മേഖലകളിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 9 മികച്ച സ്റ്റാർട്ടപ്പുകൾ, സ്റ്റാർട്ടപ്പ് എക്സ്സീഡിന്റെ ശ്രീ. സ്വരൂപ് രവിചന്ദ്രന് മുന്നിൽ  അവതരണം നടത്തി.

## വെഞ്ചർ കാപ്പിറ്റൽ 101 ബൂട്ട് ക്യാംപ്

ആദ്യകാല സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം സ്വരൂപിക്കുന്നതിനുള്ള പരിജ്ഞാനം നൽകുന്ന വെഞ്ചർ ക്യാപ്പിറ്റൽ 101 ബൂട്ട് ക്യാംപ് 2023 ആഗസ്റ്റ് 22, 23 തീയതികളിൽ തിരുവനന്തപുരം കൊച്ചി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.



**ഇൻവെസ്റ്റർ കഫെ**



2023 ഡിസംബർ 27 ന് നടന്ന ഇൻവെസ്റ്റർ കഫെ

## ഗേറ്റസ് ഇന്ത്യ ICT ചാനൽ സമ്മിറ്റ് 2023

ഇന്ത്യയിലുടനീളമുള്ള 250 ലധികം സംരംഭങ്ങളും B2B ചാനലുകളും (Si, VAR, MSP തുടങ്ങിയവ) ഗേറ്റസ് ഇന്ത്യ ICTചാനൽ സമ്മിറ്റ് 2023 ൽ പങ്കെടുത്തു. 2023 ഒക്ടോബർ 12 മുതൽ 14 വരെ ജെയ്പൂരിലാണ് ഈ പരിപാടി നടന്നത്. കേരളത്തിൽ നിന്നും തെരഞ്ഞെടുത്ത 5 സ്റ്റാർട്ടപ്പുകൾ പരിപാടിയിൽ പങ്കെടുത്തു.

## ആർത്ത സ്കൂൾ ഓഫ് എന്റർപ്രണർഷിപ്പിന്റെ സ്കെയിലപ് പരിപാടി

സംരംഭകർ ആഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി 2023 സെപ്റ്റംബർ 12-15 വരെ ഈ പരിപാടി സംഘടിപ്പിച്ചു.



## D2C കൊച്ചി കിക്കോഫ് മീറ്റ്

ഇന്ത്യയിലെ ഏറ്റവും വലിയ D2C സമൂഹത്തിൽ നിന്നും ശ്രീമതി ശ്രുതി പങ്കെടുത്ത പരിപാടി 2023 ജൂലൈ 4 ന് സംഘടിപ്പിച്ചു.



## സെയിൽസ് & മാർക്കറ്റിംഗ് – ബൂട്ട്ക്യാംപ്

സർവ്വേസ്പാരോ സ്ഥാപകനായ ശ്രീ ഷിഹാബ് മുഹമ്മദ് നയിച്ച സെയിൽസ് & മാർക്കറ്റിംഗ് സംബന്ധിച്ച ബൂട്ട് ക്യാംപ് 2023 ജൂലൈ 22 ന് കൊച്ചിയിൽ സംഘടിപ്പിച്ചു.



## ലീഡർ കണക്ട്

2023 ജൂലൈ 20 ന് കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷനിൽ വർമ്മ & വർമ്മ ചാർട്ടേർഡ് അക്കൗണ്ടന്റ് സീനിയർ പാർട്ണർ ശ്രീ. വിവേക് ഗോവിന്ദ് പങ്കെടുത്ത ലീഡർ കണക്ട് പരിപാടി സംഘടിപ്പിച്ചു.

## ബിഗ് ഡെമോ ഡേ 10.0

സ്റ്റാർട്ടപ്പുകൾക്ക് അവരുടെ നൂതന ഉല്പന്നങ്ങൾ വിവിധ മേഖലകളിൽ ഉള്ള ബന്ധപ്പെട്ടവർക്കും പൊതുജനങ്ങൾക്കും മുന്നിൽ പ്രദർശിപ്പിക്കുന്നതിന് സഹായിക്കുന്ന പരിപാടിയാണ് ബിഗ് ഡെമോ ഡേ. എഡ്ടെക്കിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകൾ 2023 ജൂലൈ 27 ന് നടന്ന ബിഗ് ഡെമോ ഡേയിൽ ഒരു വെർച്ചൽ പ്ലാറ്റ്ഫോമിലൂടെ അവരുടെ ഉല്പന്നങ്ങളും വ്യാവസായിക പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളും പ്രദർശിപ്പിക്കുകയും അതിലൂടെ മുൻനിര വ്യാവസായികൾ, നിക്ഷേപകർ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവരുമായി ബന്ധപ്പെടാൻ അവസരം ലഭിക്കുകയും ചെയ്തു. ആഗോള എഡ്ടെക് വിപണിയുമായി ബന്ധപ്പെടുന്നതു സംബന്ധിച്ച വെബിനാറും ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.



## എക്സ്പ്ലോർ KTIZ ഉം ഫാബ് ലാബ് സന്ദർശനവും

കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷനിൽ 2023 ആഗസ്റ്റ് 5 ന് എക്സ്പ്ലോർ KTIZ ഉം ഫാബ് ലാബ് സന്ദർശനവും എന്ന പരിപാടി സംഘടിപ്പിച്ചു. പങ്കെടുത്തവർക്ക് സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം, നിക്ഷേപം, ധനസഹായം, മേക്കർ വില്ലേജ് എന്നിവ സംബന്ധിച്ച പരിജ്ഞാനം ലഭിച്ചു.

## ലുലു ഡൈജക്സ്

2023 ആഗസ്റ്റ് 17 മുതൽ 20 വരെയാണ് ലുലു ഡൈജക്സ് പരിപാടി നടന്നത്. പൊതുജനങ്ങൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷനെ സംബന്ധിച്ച അറിവ് നൽകുന്നതിനായി ഒരു സ്റ്റാൾ ഒരുക്കി വിവിധ സ്റ്റാർട്ടപ്പുകളെ പ്രദർശിപ്പിക്കുകയും ചെയ്തു. നാലു വിഭാഗങ്ങളിൽ സ്റ്റാർട്ടപ്പുകൾക്ക് അവാർഡും ലഭിച്ചു.

## ബ്രൂണൽ സർവ്വകലാശാല സന്ദർശനം

പ്രോ വൈസ് ചാൻസിലർ പ്രൊ. ജെഫ് റോഡ്ജേഴ്സ് ഉൾപ്പെടെ ലണ്ടനിലെ ബ്രൂണൽ സർവ്വകലാശാലാ പ്രതിനിധി സംഘം കൊച്ചി കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ചു.

## സ്റ്റാർട്ടപ്പുകൾക്കായി യുണിക് ID ഡ്രൈവ്

2023 ഒക്ടോബർ 10 ന് KIED ൽ യുണീക് ID ഡ്രൈവ് സംഘടിപ്പിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷനെ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടിയും നൽകി.

## ഹഡിൽ ഗ്ലോബൽ 2023

രാജ്യത്ത് ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത ഒരു പരിപാടിയാണ് ഹഡിൽ ഗ്ലോബൽ 2023. 10000 ത്തിലധികം പേർ ആണ് തിരുവനന്തപുരത്ത് നടന്ന ഹഡിൽ ഗ്ലോബൽ 2023 ൽ പങ്കെടുത്തത്. സ്റ്റാർട്ടപ്പുകൾ നിക്ഷേപകർ, പ്രഭാഷകർ, കോർപ്പറേറ്റുകൾ, മെന്റർമാർ, സർക്കാർ പ്രതിനിധികൾ, വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ, ഗവേഷകർ തുടങ്ങി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലുള്ളവരെ ആകർഷിച്ചതാണ് ഈ മൂന്ന് ദിവസ പരിപാടി. ആവാസ വ്യവസ്ഥയിലെ അന്തർദേശീയ തലത്തിലെ പ്രമുഖരും ഈ പരിപാടിയിൽ പങ്കെടുത്തു.

ഫലപ്രദമായ ധാരാളം പരിപാടികൾ ഹഡിൽ ഗ്ലോബലിൽ ഉൾപ്പെടുത്തിയിരുന്നു. പ്രധാന വേദിയിൽ ബഹു മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പരിപാടിയുടെ ഉത്ഘാടനം നിർവ്വഹിച്ചു. 75 ലധികം നിക്ഷേപകർ പങ്കെടുത്ത ഫലപ്രദമായ ചർച്ചകൾ നടന്നു. വിപണനത്തിനും നിക്ഷേപം ലഭ്യമാകാനുമുള്ള സാധ്യതകൾ വർദ്ധിച്ചു. 75 സ്റ്റാർട്ടപ്പുകളുടെ പ്രദർശനമായിരുന്നു മുഖ്യ ആകർഷണം. കോർപ്പറേറ്റുകളുമായുള്ള ബന്ധം പ്രത്യേക തലത്തിലെത്താൻ പരിപാടി സഹായകരമായി. 15 ലധികം കോർപ്പറേറ്റുകൾ സ്റ്റാർട്ടപ്പുകളുടെ ഉല്പന്നങ്ങൾ സംബന്ധിച്ച അന്വേഷണവും 120 ലധികം വിശദ ചർച്ചകളും നടന്നു. സ്റ്റാർട്ടപ്പുകളെ സംബന്ധിച്ച് പ്രധാനപ്പെട്ട 68 സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതായി. സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാൻ സന്നദ്ധമായ അന്താരാഷ്ട്ര തലത്തിൽ ബെൽജിയം, ആസ്ട്രേലിയ ഉൾപ്പെടെ ഏഴ് സംഘടനകളുമായും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായും ധാരണാ പത്രം ഒപ്പുവെച്ചു. 100 ലധികം മെന്റർമാർ 200 ലധികം സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെടുകയും വിപണി വിപുലീകരണത്തിനുള്ള സഹായം നൽകുകയും ചെയ്തു. ഈ പ്രധാന സ്റ്റാർട്ടപ്പ് പരിപാടിയുടെ വിജയത്തിലൂടെ വ്യാപകമായ മാധ്യമ ശ്രദ്ധയും നേടി.

ഫൌണ്ടേഴ്സ് മീറ്റ്- സംരംഭകർ, വ്യാവസായിക നേതൃ നിരയിലുള്ളവർ, നിക്ഷേപകർ എന്നിവർ ഒത്തുകൂടിയ വേദിയിൽ സംരംഭക സാങ്കേതികതയുടെയും അറിവിന്റേയും ചർച്ചകൾക്കുള്ള വേദിയായി സൺഡൗൺ ഹഡിൽ. എഡ്, അഗ്രി ടെക് മേഖലകളിൽ പ്രവർത്തിക്കുന്ന 5 സ്റ്റാർട്ടപ്പുകളും തമ്മിൽ നേരിട്ട് സംവദിക്കുന്നതിനുള്ള വേദി പിച്ച് ഇറ്റ് റൈറ്റിലൂടെ ലഭ്യമായി. കോർപ്പറേറ്റ്, സർക്കാർ സംവിധാനങ്ങൾ എന്നിവയക്ക് മുന്നിൽ പ്രദർശനത്തിനുള്ള അവസരം വെലോസിറ്റി 1 ന്റെ സ്റ്റാർട്ടപ്പ് ഇൻവെസ്റ്റർ സ്പീഡ് ഡേറ്റിംഗ്, ഓപ്പൺ പിച്ച്, ക്ലോസ് ദ ഡീൽ, റാപ്പിഡ് ഫയർ പിച്ചസ് എന്നീ പരിപാടികളിലൂടെ ലഭിച്ചു. MIND നേരിട്ട് മെന്റർമാരുമായി സംവദിക്കാനുള്ള അവസരം നൽകി. നിയമം, വിപണനം, സാങ്കേതികത, ധനകാര്യം, മനുഷ്യ വിഭവശേഷി എന്നിവ സംബന്ധിച്ച് സ്റ്റാർട്ടപ്പ് 360 ചർച്ച ചെയ്തു. സ്റ്റാർട്ടപ്പുകളിലെയും വ്യവസായത്തിലെയും മികച്ച കോഡർമാരുമായി ബന്ധപ്പെടാനുള്ള അവസരം 100 കോഡേഴ്സിലൂടെ ലഭ്യമായി. 12 സ്റ്റാർട്ടപ്പുകൾക്ക് ഉല്പന്നം പുറത്തിറക്കുന്നതിനുള്ള വേദിയായി അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ നേതൃ നിരയിലേക്ക് കേരളത്തെ എത്തിക്കുന്നതിനുള്ള വേദിയായി ഹഡിൽ ഗ്ലോബൽ കേരള 2023. പരിപാടിയുടെ വിജയം സഹകരണം പരിപാടികളിലെ വൈവിധ്യം എന്നിവ സംരംഭകത്വവും നൂതനതയും പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാനത്തിന്റെ പ്രതിബദ്ധത തെളിയിച്ചു. സാങ്കേതികത, സഹകരണം, ഉൾക്കൊള്ളൽ എന്നിവ കേരളത്തെ മികച്ച സാങ്കേതിക സ്റ്റാർട്ടപ്പ് ലക്ഷ്യമാക്കി.



### ബയോ കണക്ട് കേരള 2023 ൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാൾ

KSIDC 2023 മേയ് 24, 26 തീയതികളിൽ കോവളത്ത് സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര മേളയാണ് ബയോകണക്ട് 2023. ലൈഫ് സയൻസ് സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയും RINK ഉം സംയുക്തമായി കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാൾ സജ്ജീകരിച്ചു.

### മീറ്റ് ദ എക്സ്പർട്ട്

Tips@TiMed ഉം കേരള സ്റ്റാർട്ടപ്പ് മിഷന്റെ RINK മായി സഹകരിച്ച് 2023 ജൂലൈ 20ന് മീറ്റ് ദ എക്സ്പർട്ട് എന്ന വിജ്ഞാനപ്രദമായ പരിപാടി സംഘടിപ്പിച്ചു. 15 ഗവേഷണ വികസന സ്റ്റാർട്ടപ്പുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക, പേറ്റന്റ് ലഭ്യത പരിശോധിക്കാൻ സഹായിക്കുക, അവരുടെ നൂതന ആശയങ്ങൾക്ക് വിപണി സാധ്യത പരിശോധിക്കുക എന്നിവയായിരുന്നു ലക്ഷ്യം.

### സ്കെയിലപ് സർക്യൂട്ട്

2023 ജൂണിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്കെയിലപ് സർക്യൂട്ട് മീറ്റപ് സംഘടിപ്പിച്ചു. 8 നഗരങ്ങളിലായി 2800 കിലോ മീറ്റർ സഞ്ചരിച്ച ഈ ബഹു നഗര സ്റ്റാർട്ടപ്പ് ആവാസ യാത്ര ഇന്റർഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലാണ് സമാപിച്ചത്.


### ലോക ബാങ്കിന്റെ സന്ദർശനം

സീനിയർ ഇക്കണോമിസ്റ്റ് ആന്ദ്രേസ് എഫ് ഗ്രേസിയ, ഇക്കണോമിസ്റ്റ് റാമി ഗലാൽ, പ്രോജക്റ്റ് മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ് സോണി തോമസ് എന്നിവർ ഉൾപ്പെട്ട ലോക ബാങ്ക് പ്രതിനിധി സംഘം കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ചു. അവർ കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ ശ്രീ അനൂപ് അംബികയുമായും മറ്റ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. സ്റ്റാർട്ടപ്പ് അവാസവ്യവസ്ഥയെ സഹായിക്കുന്ന വിവിധ പദ്ധതികൾ അവർക്ക് വിശദീകരിച്ചു.

### PCB ഡിസൈനിലും പ്രിന്റിംഗിലും പരിശീലനം

കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിൽ 2023 ജൂലൈ 13, 14 തീയതികളിൽ PCB ഡിസൈനിംഗിലും പ്രിന്റിംഗിലും പരിശീലനം കേരള സ്റ്റാർട്ടപ്പ് മിഷന്റെ തിരുവനന്തപുരം ഫാബ് ലാബ് സംഘടിപ്പിച്ചു.





**സ്റ്റാർട്ടപ്പ് ഇനിഷ്യേറ്റീവ്**

CII യും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി CII യുടെ സ്റ്റാർട്ടപ്പ് ഇനിഷ്യേറ്റീവ് സംബന്ധിച്ച സെഷൻ 2023 ജൂലൈ 14 ന് സംഘടിപ്പിച്ചു.



**ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ 2024 ൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാൾ**


2024 ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ നടന്ന ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ 2024 ൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാൾ സജ്ജീകരിച്ചു.




**സ്കെയിൽ വിത്ത് ബിസിനെസ്സ്  ഫിൻലാന്റ്**

ഫിൻലാന്റിൽ പ്രവർത്തിച്ച് വികസിക്കണമെന്ന്  ആഗ്രഹിക്കുന്ന സ്റ്റാർട്ടപ്പുകൾക്കായി സ്കെയിൽ വിത്ത് ബിസിനസ്സ് ഫിൻലാന്റ് പരിപാടി  2024 മാർച്ച് 12 ന് സംഘടിപ്പിച്ചു.





## ബ്രിട്ടീഷ് ഹൈക്കമ്മീഷനും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സംഘടിപ്പിച്ച പരിപാടി

2024 ജനുവരി 19, 20 തീയതികളിൽ സംരംഭകത്വത്തിൽ വനിതാ നേതൃത്വം സംബന്ധിച്ച പരിപാടി ബ്രിട്ടീഷ് ഹൈക്കമ്മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഓക്സ്ഫോർഡ് സർവ്വകലാശാല എന്നിവർ സംയുക്തമായി സംഘടിപ്പിച്ചു.




## ഫാബ് അക്കാദമി 2024

സൂപ്പർ ഫാബ് ലാബ് കൊച്ചിയിൽ ഫാബ് അക്കാദമി 2024 ന്റെ ഉദ്ഘാടനം



## ഇന്നവേഷൻ ടൂർ

കൊച്ചി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ 2024 ജനുവരി 6 ന് നടന്ന ഇന്നവേഷൻ ടൂർ




## ലീഡർ കണക്ട്

വൈസർ AI ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും സഹ സ്ഥാപകനുമായ രാജേഷ് പി ഫ്രഗോമെൻ പങ്കാളിയായ ശ്രീ. സജ്ജ ജെയിംസ് എന്നിവർ പങ്കെടുത്ത ലീഡർ കണക്ട് പരിപാടി 2024 ഫെബ്രുവരിയിൽ സംഘടിപ്പിച്ചു.



## സ്ഥാപകർക്കായി ജെൻ AI



കൊച്ചി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ 2024 ഫെബ്രുവരി 22 ന് ജെൻ AI ഫോർ ഫൌണ്ടേഴ്സ് എന്ന ശില്പശാല സംഘടിപ്പിച്ചു.

## കേരള AVGC-XR സ്ഥാപരുടെ മീറ്റപ്പ്




2024 ഫെബ്രുവരി 24 ന് കേരള AVGC-XR സ്ഥാപരുടെ മീറ്റപ്പ് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചു.

## D2C ഇൻസൈഡർ CXO മീറ്റ് കൊച്ചി

2024 ഫെബ്രുവരി 24 ന് കൊച്ചിയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച D2C ഇൻസൈഡർ CXO മീറ്റ്



## കേരള സ്റ്റാർട്ടപ്പ് മിഷൻ പബ്ളിക് ലൈബ്രറി സാറ്റലൈറ്റ് സെന്റർ

കേരള സ്റ്റാർട്ടപ്പ് മിഷന്റെ കൊച്ചി കാംപസിൽ 2024 ഫെബ്രുവരി 27 ന് പബ്ളിക് ലൈബ്രറി സാറ്റലൈറ്റ് സെന്ററിന്റെ ഉത്ഘാടനം നടന്നു.




## ഹോട്ടൽ ടെക് കേരള

2023 ജൂൺ 7 മുതൽ 9 വരെ കൊച്ചിയിലാണ് ഹോട്ടൽ ടെക് കേരളയുടെ 12–ാമത് എഡിഷൻ നടന്നത്. 55 ലധികം പ്രദർശനങ്ങൾ നടന്നതിൽ കേരള സ്റ്റാർട്ടപ്പ് മിഷനും പങ്കെടുത്തു.

## സതേൺ സ്റ്റാർ ആർമി അക്കാദമി വ്യവസായ സംഗമം

ഡിഫൻസ് ടെക്നോളജിയിൽ അത്മനിർമർ ഭാരത് ന്റെ ഭാഗമായുള്ള പരിവർത്തനം സംബന്ധിച്ച ദ്വിദിന സെമിനാർ 2024 മാർച്ച് 7, 8 തീയതികളിൽ പാങ്ങോട് മിലിറ്ററി സ്റ്റേഷനിൽ നടന്നു. ആഭ്യന്തരമായ നൂതനതയും സഹകരണവും ഡിഫൻസ് സാങ്കേതിക വിദ്യയിൽ വർദ്ധിപ്പക്കുന്നതായിരുന്നു ലക്ഷ്യം. പ്രതിരോധവുമായി ബന്ധപ്പെട്ടവർ, ഗവേഷണ വികസന സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായികൾ തുടങ്ങിയവർ പങ്കെടുത്തു.



## FICCI ഫ്രെയിംസ് 2024

മാധ്യമ വിനോദ വ്യവസായ മേഖലയിൽ ചർച്ചകളും നൂതനത പ്രദർശിപ്പിക്കുന്നതിനും ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള വേദിയായി FICCI ഫ്രെയിംസ്. 2024 മാർച്ച് 5 മുതൽ 7 വരെ മുംബൈയിലാണ് ഫിക്കി ഫ്രെയിംസ് 2024 സംഘടിപ്പിച്ചത്. കേരളത്തിൽ നിന്നും 2 സ്റ്റാർട്ടപ്പുകൾ അവരുടെ നൂതന ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചു.

## സ്റ്റാർട്ടപ്പ് മഹാകുംഭ് 2024

സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിലെ എല്ലാ ഘടകങ്ങളും സംയോജിപ്പിച്ച് 2024 മാർച്ച് 18 മുതൽ 20 വരെ ന്യൂഡൽഹിയിലെ ഭാരത മണ്ഡപത്തിലാണ് സ്റ്റാർട്ടപ്പ് മഹാകുംഭ് 2024 സംഘടിപ്പിച്ചത്. കേരള സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട 9 സ്റ്റാർട്ടപ്പുകൾ ഈ മേളയിൽ പങ്കെടുത്തു.

## ICAI സ്റ്റാർട്ടപ്പ് സ്റ്റിയർ 2023

ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫ് ഇൻഡ്യ സംഘടിപ്പിച്ച ICAI സ്റ്റാർട്ടപ്പ് സ്റ്റിയർ 2023 മുംബൈയിൽ ജൂൺ 27, 28 തീയതികളിലായിരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട 8 സ്റ്റാർട്ടപ്പുകൾ ഈ പരിപാടിയിൽ പങ്കെടുത്തു.

## ഗ്ലോബൽ എക്സ്പോഷർ (നെതർലാന്റ്) – TNW കോൺഫറൻസ് 2023

സ്റ്റാർട്ടപ്പുകൾ, കോർപ്പറേറ്റുകൾ, സർക്കാരുകൾ, നിക്ഷേപകർ എന്നിവരെ ഒരുമിപ്പിക്കുന്ന പ്രധാന ആഗോള സാങ്കേതിക പരിപാടിയാണ് നെതർലാന്റിലെ ആംസ്റ്റർഡാമിൽ നടന്ന TNW കോൺഫറൻസ് 2023. 12000 ലധികം പേർ പങ്കെടുത്ത പരിപാടിയിൽ 200 ലധികം പ്രദർശനങ്ങൾ, 1500 സ്റ്റാർട്ടപ്പുകൾ കൂടാതെ ശക്തമായ അന്താരാഷ്ട്ര സാന്നിധ്യവുമുണ്ടായിരുന്നു. 2022 ജൂൺ 15, 16 തീയതികളിൽ നടന്ന പരിപാടിയിൽ 5 സ്റ്റാർട്ടപ്പ് പ്രതിനിധികളെ കേരള സ്റ്റാർട്ടപ്പ് മിഷൻ പങ്കെടുപ്പിച്ചു.




## ഇന്ത്യ – യു എസ് ഡെലിഗേഷൻ

കേരള സ്റ്റാർട്ടപ്പ് മിഷൻ, GTech, US ഇന്ത്യ ഇംപോർട്ടേഴ്സ് കൗൺസിൽ എന്നിവർ സംയുക്തമായി 2023 ഏപ്രിൽ 27 മുതൽ മെയ് വരെ 16 അംഗ ഇന്ത്യ-യുഎസ് ഡെലിഗേഷൻ സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി നടന്നതും യു എസ് സർക്കാർ, വ്യവസായ പ്രമുഖർ പങ്കെടുത്തതുമായ യു എസ് എ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റിൽ കേരളത്തിൽ നിന്നുള്ള 10 സ്റ്റാർട്ടപ്പുകളും പങ്കെടുത്തു.




## ആന്വൽ ഇൻവെസ്റ്റ്മെന്റ് മീറ്റ്

യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ അബുദാബിയിൽ 2023 മേയ് 8 മുതൽ 10 വരെയാണ് ആഗോള തലത്തിൽ മികച്ച നേരിട്ടുള്ള വിദേശ നിക്ഷേപത്തിനുള്ള വേദിയായ ആന്വൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടന്നത്. അന്താരാഷ്ട്ര എക്സ്പോഷർ പരിപാടിയുടെ ഭാഗമായി 8 സ്റ്റാർട്ടപ്പുകളെ ആന്വൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ പങ്കെടുപ്പിച്ചു.

## Taiwan ഡെലിഗേഷൻ/ ടെയ്ട്രോണിക്സ് / ടെയ്പേ

Taiwan ലെ ഇലക്ട്രോണിക് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ഒക്ടോബറിലും സംഘടിപ്പിക്കുന്ന പ്രദർശനമാണ് തായ്പേയ് ഇന്റർനാഷണൽ ഇലക്ട്രോണിക്സ് ഷോ (TAITRONICS). 2023 ലെ പരിപാടി ഒക്ടോബർ 25 മുതൽ 27 വരെയായിരുന്നു. കേരളത്തിൽ നിന്നും 10 സ്റ്റാർട്ടപ്പുകളെ ഈ പരിപാടിയിൽ പങ്കെടുപ്പിച്ചു.



## ഫാബ് 23 ബൂട്ടാനിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ

അന്താരാഷ്ട്ര ഫാബ് ലാബ് കോൺഫറൻസിന്റെയും സിംമ്പോസിയത്തിന്റെയു 19–ാമത് എഡിഷനാണ് ഫാബ് 23 ബൂട്ടാൻ. ലോകത്തിലെ വലുതും ഏറ്റവും തന്ത്രപരവുമായ ഡിജിറ്റൽ ഫാബ്രിക്കേഷൻ മേളയാണിത്. സാങ്കേതികതയിലൂന്നി നിർമ്മാണം നടത്തുന്നവർ, നിക്ഷേപകർ, വിദ്യാഭ്യാസ മേഖലയിലുള്ളവർ, ഗവേഷകർ, എഞ്ചിനീയർമാർ, സംരംഭകർ, കലാകാരൻമാർ ബന്ധപ്പെട്ട സർഗ്ഗശക്തിയുള്ളവർ ഭാവിയിലേക്കുള്ള പാത സൃഷ്ടിക്കുന്നവർ എന്നിവരുൾപ്പെട്ട ആവാസവ്യവസ്ഥയിലുള്ളവരുടെ ആഗോള വേദിയാണിത്.

2023 ജൂലൈയിൽ നടന്ന ഫാബ് 23 ഭൂട്ടാൻ അന്താരാഷ്ട്ര കോൺഫറൻസിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രോജക്ട് ഡയറക്ടർ ശ്രീ കാർത്തിക പരശുറാം ബി, ടെക്നിക്കൽ ഓഫീസർമാരായ ശ്രീ. യദു ശരൺ എം ജി, ശ്രീ. ജോജിൻ ഫ്രാൻസിസ്, ശ്രീ വിനോദ് കുമാർ ബി ജി എന്നിവർ പങ്കെടുത്തു. സൂപ്പർ ഫാബിലൂടെ സമൂഹത്തിനും വ്യാവസായത്തിനും നൂതനതയും ഭാവിയും കേരളത്തിന്റെ അനുഭവത്തിലും ഭൂട്ടാനുള്ള പ്രധാന്യത്തിലും എന്ന പ്രസന്റേഷൻ അവതരിപ്പിച്ചു. Zund മെഷീൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് കോൺഫറൻസിൽ പങ്കെടുത്തവർക്കായി ഒരു ശില്പശാലയും കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘം നടത്തി.




## കൊട്ടാരക്കര ലീപ് സെന്റർ ഉത്ഘാടനം

കേരള സ്റ്റാർട്ടപ്പ് മിഷന്റെയും IHRD യുടെയും സഹായത്തോടെ സ്ഥാപിച്ച കേരളത്തിലെ ആദ്യ കാംപസ് ഇൻഡസ്ട്രിയൽ പാർക്കും സോഹോ ഗവേഷണ വികസന സെന്ററിന്റെയും ഉത്ഘാടനം 2024 ഫെബ്രുവരി 19 ന് ബഹു മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. കൊട്ടാരക്കര IHRD കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടന്ന പ്രസ്തുത ചടങ്ങിൽ ബഹു ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ എൻ ബാലഗോപാൽ, ബഹു ഉന്നത വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു വിവരസാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറി ശ്രീ. രത്തൻ യു ഖേൽക്കർ, സോഹോ സ്ഥാപകനും സി ഇ ഒ യുമായ ശ്രീ ശ്രീധർ വെമ്പു, സോഹോ സഹ സ്ഥാപകൻ ശ്രീ. ടോണി തോമസ്സ്, IHRD ഡയറക്ടർ ശ്രീ അന്തൻ കുമാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ ശ്രീ. അനൂപ് അംബിക തുടങ്ങിയവർ പങ്കെടുത്തു.




**കാസറഗോഡ് ലീപ് സെന്റർ ഉത്ഘാടനം**

കാസറഗോഡ് ലീപ് സെന്ററിന്റെ ഉത്ഘാടനം പാർലമെന്റംഗം ശ്രീ രാജ് മോഹൻ ഉണ്ണിത്താൻ നിർവ്വഹിച്ചു. ശ്രീ. എൻ എ നെല്ലിക്കുന്ന് എം എൽ എ, കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ ശ്രീ. അനൂപ് അംബിക തുടങ്ങിയവർ പങ്കെടുത്തു.



**കുളക്കട ലീപ് സെന്ററിന്റെ ഉത്ഘാടനം**

കുളക്കട ലീപ് സെന്റർ 2023 ജൂലൈ 29 ന് ASAP ന്റെ കുളക്കട സ്കിൽ പാർക്കിൽ ഉത്ഘാടനം ചെയ്തു.




**ജൈറ്റക്സ് എക്സ്പാന്റ് നോർത്ത് സ്റ്റാർസ് 2023**

കേരള സ്റ്റാർട്ടപ്പ് മിഷൻ 50 സ്റ്റാർട്ടപ്പുകളെ ജൈറ്റക്സ് എക്സ്പാന്റ് നോർത്ത് സ്റ്റാർസ് 2023 ൽ പങ്കെടുപ്പിച്ചു. 2023 ഒക്ടോബർ 15 മുതൽ 19 വരെയാണ് പരിപാടി നടന്നത്. ബിസിനസ്സ് കൂടാതെ നിക്ഷേപ സാധ്യതയും ഈ പരിപാടിയിൽ പങ്കെടുക്കുന്നതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായി. ഇതോടനുബന്ധിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച ഇന്ത്യ സ്റ്റാർട്ടപ്പ് കോൺക്ലേവ് വിദേശ ഇന്ത്യൻ സമൂഹത്തേയും നിക്ഷേപകരേയും ആകർഷിച്ചു. ദുബായ്, അബുദാബി, ഷാർജ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ആവാസ വ്യവസ്ഥയിൽ നേതൃനിരയിലുള്ളവരും ഇതിൽ പങ്കെടുക്കുകയും സ്റ്റാർട്ടപ്പുകൾക്ക് ആഗോള വികസനത്തിനുള്ള സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.




## SLUSH 2023

വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ, നിക്ഷേപകർ, ഭാവി ഇടപാടുകാർ എന്നിവരുമായി ബന്ധപ്പെടാൻ കഴിയുന്ന സമാനതകളില്ലാത്ത ആഗോള പ്രദർശനമാണ് ഫിൻലാന്റിലെ ഹെൽസിങ്കിയിൽ നടന്ന സ്ലഷ് 2023. 2023 നവംബർ 30 മുതൽ ഡിസംബർ 1 വരെ നടന്ന പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് 12 സ്റ്റാർട്ടപ്പുകൾക്ക് അവസരമൊരുക്കി.




## TNW കോൺഫറൻസ് 2023

നെതർലാന്റിലെ ആംസ്റ്റർഡാമിൽ നടന്ന പ്രധാനപ്പെട്ട സാങ്കേതിക പരിപാടിയാണ് TNW കോൺഫറൻസ് 2023. സ്റ്റാർട്ടപ്പുകൾ, സ്കെയിലപ് ഘട്ടത്തിലുള്ളവർ, കോർപ്പറേറ്റുകൾ, സർക്കാരുകൾ, നിക്ഷേപകർ എന്നിവർക്ക് ബന്ധപ്പെടാനുള്ള അവസരം നൽകുന്ന മികച്ച ആഗോള വേദിയായാണ് ഈ പരിപാടി അറിയപ്പെടുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷൻ TNW യുമായി സഹകരിച്ച് 5 സ്റ്റാർട്ടപ്പുകളെ പ്രസ്തുത പരിപാടിയിൽ പങ്കെടുപ്പിച്ചു.




### ലീപ് 2024

ആഗോള തലത്തിൽ ഏറ്റവുമധികം പേർ പങ്കെടുത്ത സാങ്കേതിക പരിപാടിയായ ലീപ് 2024 സൌദി അറേബ്യയിലെ റിയാദ് എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്ററിൽ 2024 മാർച്ച് 4 മുതൽ 7 വരെയാണ് നടന്നത്. 183 രാജ്യങ്ങളിൽ നിന്നായി 1,72,000 പേർ പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ 8 സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിച്ചു.







### ജിൻസെപ് 2023

കേരള സ്റ്റാർട്ടപ്പ് മിഷനും തെരഞ്ഞെടുത്ത 6 സ്റ്റാർട്ടപ്പുകളും ജർമ്മൻ സോഫ്റ്റ് ലാന്റിംഗ് പ്രോഗ്രാം എന്നറിയപ്പെടുന്ന സംരംഭകത്വ പര്യവേഷണത്തിന്റെ ഭാഗമായി. ജർമ്മൻ ഇന്ത്യൻ സ്റ്റാർട്ടപ്പ് എക്സ്ചേഞ്ച് പ്രോഗ്രാം, NRW ഗ്ലോബൽ ബിസിനസ്സ്, ഡസ്സൽഡോർഫ് ഇക്കണോമിക് ഡവലപ്മെന്റ് ഓഫീസ് എന്നിവ സംയുക്തമായി സംഘടിപ്പിച്ച ജിൻസെപ് 2023 ആഗസ്റ്റ് 14 മുതൽ 18 വരെയാണ് നടന്നത്.

## കേരള ടെക്നോളജി ഇന്നവേഷൻ സോൺ

### ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ്

1.87 ലക്ഷം ചതുരശ്ര അടിയുള്ള ഈ കെട്ടിടം പൂർണ്ണ തോതിൽ പ്രവർത്തിച്ചുവരുന്നു. സജ്ജീകരിക്കാൻ ബാക്കിയുള്ള ടവർ 1 ലെ നാലാം നില, ടവർ 2 ലെ മൂന്നാം നില, ബേസ്മെന്റ് എന്നിവ കൂടി പൂർത്തിയായാൽ 10000 ചതുരശ്ര അടി സ്ഥലം കൂടി പ്രയോജനപ്പെടുത്താൻ കഴിയും. ഈ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

### അനക്സ് ബിൽഡിംഗ്

ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിനനുബന്ധമായി 15000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനക്സ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി അവാർഡ് ചെയ്തു. പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

### 10K ബിൽഡിംഗ്- ഫയർ NOC

KINFRA കൈമാറ്റം ചെയ്യുമ്പോൾ ഈ കെട്ടിടത്തിന് തീപിടിത്തവുമായി ബന്ധപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഇല്ലായിരുന്നു. ഫയർ ആന്റ് സെഫ്റ്റി ക്ലിയറൻസ് ലഭിക്കുന്നതിനുള്ള പ്രവൃത്തികൾ ഏകദേശം പൂർത്തിയായി വരുന്നു. അത് ലഭ്യമാക്കുന്നതോടെ പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്താം

**ഡിജിറ്റൽ ഹബ്ബ്, ബിൽഡിംഗ് 2 നിർമ്മാണം**

രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഡിജിറ്റൽ ഹബ്ബിന്റെ നിർമ്മാണം പൂർത്തിയായി. അത് സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2024 അവസാന പാദത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 43000 ചതുരശ്ര അടി വിസ്തീർയണ്ണമുള്ള ബിൽഡിംഗ് –2 ന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**(ഓഡിറ്റ് ചെയ്ത 2023-24 ലെ വാർഷിക കണക്കുകൾ തുടർന്നുള്ള പുറങ്ങളിൽ കാണാവുന്നതാണ്)**